**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 104** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഷിജു ടി.വി യുടെ തിരോധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്‌കുമാർ ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ചാലക്കുടി താലൂക്കിൽ മുരിങ്ങൂർ തെക്കുമുറി വില്ലേജിൽ ചുനക്കര തോരപറമ്പിൽ വീട്ടിൽ ഷിജു ടി.വി യുടെ തിരോധാനം സംബന്ധിച്ച കേസന്വേഷണത്തിന്റെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ; | (എ) | ശ്രീ. ഷിജു ടി.വിയുടെ തിരോധാനം സംബന്ധിച്ച് ടിയാന്റെ ഭാര്യയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം.1107/2021 u/s 57KP Act ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടിയാന്റെ ബന്ധുക്കളും സുഹൃത്തുക്കളും അടക്കം 40-ഓളം സാക്ഷികളെ കണ്ടു ചോദിച്ചും മൊഴികൾ പരിശോധിച്ചും വിവിധ സ്റ്റേഷനുകളിലേയ്ക്ക് കാണാതായ ആളുകളുടെ വിവരങ്ങൾ അടങ്ങിയ ക്രൈം കാർഡുകൾ തയ്യാറാക്കി അയച്ചും വിവിധ സ്റ്റേഷനുകളിൽ റിപ്പോർട്ടായ unidentified dead body വിവരങ്ങൾ പരിശോധിച്ചും വിവിധ പ്രദേശങ്ങളിലെ സി.സി.ടി.വി ക്യാമറ ദൃശ്യങ്ങൾ പരിശോധിച്ചും കാണാതായ ഷിജുവിന്റെ വിവരങ്ങൾ പൊതുജന സമ്പർക്ക വകുപ്പ് മുഖേന വിവിധ പത്രങ്ങളിൽ പരസ്യം നൽകിയും ടിയാനെ കണ്ടെത്തുന്നതിന് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) | ചാലക്കുടി എസ്.എച്ച്.ഒ. യുടെ നേതൃത്വത്തിലുള്ള അന്വേഷണത്തിൽ വേണ്ടത്ര പുരോഗതിയില്ലാത്ത സാഹചര്യത്തിൽ അന്വേഷണം മറ്റേതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | (ബി) | മുഖ്യമന്ത്രിക്ക് ടിയാന്റെ സഹോദരൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ടി കേസിന്റെ അന്വേഷണത്തിനായി ചാലക്കുടി ഡി.വൈ.എസ്.പിയുടെ നേതൃത്വത്തിൽ 12 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ